# തെറ്റിദ്ധാരണകളും അവയ്ക്കുള്ള മറുപടിയും - 4

***മുഖല്ലിദുകൾക്കിടയിൽ വ്യാപകമായി കാണുന്ന മറ്റൊരു തെറ്റിദ്ധാരണ എന്തെന്നാൽ, തങ്ങളുടെ മദ്ഹബിന് എതിരാണെന്ന് വ്യക്തമായ ഒരു സുന്നത്തിനെ പിൻപറ്റുന്നതിൽനിന്നും അവരെ തടയുന്ന കാര്യം-ആ സുന്നത്ത് പിൻപറ്റിയാൽ മദ്ഹബിന്റെ സ്ഥാപകനെ ആ തെറ്റിന്റെ ഉത്തരവാദിയാക്കുന്നു എന്ന അവരുടെ ധാരണയാണ്. അവരെ സംബന്ധിച്ചിടത്തോളം തെറ്റിന് ഉത്തരവാദിയാക്കുക എന്നാൽ, ആ ഇമാമിനെ ആക്ഷേപിക്കുകയെന്നാണ്. ഒരു സാധാരണ മുസ്‌ലിമിനെപോലും ആക്ഷേപിക്കുന്നത് അനുവദനീയമല്ലെന്നിരിക്കെ, അവരിലുള്ള ഇമാമിനെ ആക്ഷേപിക്കുന്നത് എങ്ങനെ അനുവദനീയമാകും?***

ഈ ആശയം നിരർത്ഥകമാണ്. സുന്നത്ത് മനസ്സിലാക്കാത്തതാണ് അതിന്റെ കാരണം. അതല്ലെങ്കിൽ ബുദ്ധിയുള്ള ഒരു മുസ്‌ലിം എങ്ങനെയാണ് ഈ ആശയം പറയുക?! റസൂൽ (ﷺ) പറഞ്ഞിട്ടുണ്ട്: ''ഒരു വിധികർത്താവ് അവന്റെ ഇജ്തിഹാദിന്റെ അടിസ്ഥാനത്തിൽ വിധിക്കുകയും അത് ശരിയാവുകയും ചെയ്താൽ, അവന്ന് രണ്ട് പ്രതിഫലമുണ്ട്. എന്നാൽ, അവൻ ഇജ്തിഹാദിന്റെ അടിസ്ഥാനത്തിൽ വിധിക്കുകയും, തെറ്റാവുകയും ചെയ്താൽ, അവന്ന് ഒരു പ്രതിഫലമാണുള്ളത്''[1] ഈ ഹദീഥ് മുകളിൽ പറഞ്ഞ ആശയത്തെ നിരാകരിക്കുകയാണ്. ''ഇന്ന വ്യക്തിക്ക് തെറ്റുപറ്റി'' എന്നൊരാൾ പറഞ്ഞാൽ, അതിന്റെ ശറഈയായ അർഥം, ''ഇന്ന വ്യക്തിക്ക് ഒരു പ്രതിഫലം ലഭിച്ചു'' എന്നാണെന്ന് ഒരു അവ്യക്തതയുമില്ലാത്തവിധം സ്പഷ്ടമായി അത് മനസ്സിലാക്കിത്തരുന്നു. അദ്ദേഹത്തിന്റെ തെറ്റ് ചൂണ്ടിക്കാണിക്കുന്നവന്റെ വീക്ഷണത്തിൽ അദ്ദേഹം പ്രതിഫലാർഹനാണെങ്കിൽ, തെറ്റ് ചൂണ്ടിക്കാണിച്ചവൻ അദ്ദേഹത്തെ ആക്ഷേപിച്ചു എന്ന് നിങ്ങളെങ്ങനെ ആരോപിക്കും?! നിസ്സംശയം, ഈ ആരോപണം അടിസ്ഥാന രഹിതമാണ്. മാത്രവുമല്ല, ഈ ആരോപണം ഉന്നയിക്കുന്നവർ അതിൽനിന്നും മടങ്ങൽ അനിവാര്യമാണ്. അതല്ലെങ്കിൽ, അവൻ തന്നെയാണ് മുസ്‌ലിംകളെ ആക്ഷേപിക്കുന്നവൻ. അവരിലുള്ള സാധാരണക്കാരെ മാത്രമല്ല, സ്വഹാബികളിൽനിന്നും താബിഉകളിൽനിന്നുമുള്ള ഇമാമുകളെയും അവർക്ക് ശേഷമുള്ള മുജ്തഹിദുകളായ ഇമാമുകളെയും മറ്റുമാണ് യഥാർത്ഥത്തിൽ അവർ ആക്ഷേപിക്കുന്നത്. കാരണം, വിഖ്യാതരായ ഈ വ്യക്തിത്വങ്ങൾ പരസ്പരം തെറ്റ് ചൂണ്ടിക്കാണിക്കുകയും പരസ്പരം ഖണ്ഡിക്കുകയും ചെയ്യാറുണ്ടായിരുന്നു എന്ന കാര്യം നമുക്ക് നന്നായി അറിയാം.[2] അപ്പോൾ, ''അവരിൽ ചിലർ ചിലരെ ആക്ഷേപിക്കാറുണ്ടായിരുന്നു'' എന്ന് ബുദ്ധിയുള്ളവൻ പറയുമോ? ഇല്ല. എന്നാൽ, ഒരാളുടെ സ്വപ്നം വ്യാഖ്യാനിക്കുന്ന വിഷയത്തിൽ റസൂൽ(ﷺ) അബൂബക്കറി(رضي الله عنه)ന്റെ തെറ്റ് ചൂണ്ടിക്കാണിച്ചതായി സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റസൂൽ(ﷺ) അദ്ദേഹത്തോട് പറഞ്ഞു: ''അവയിൽ ചിലതിൽ താങ്കൾ ശരിയാവുകയും ചിലതിൽ തെറ്റുകയും ചെയ്തു''[3] –അപ്പോൾ, ഈ വാക്കുകൾകൊണ്ട് നബി(ﷺ) അബൂബക്കറിനെ ആക്ഷേപിക്കുകയാണോ ചെയ്തത്?!

ഈ തെറ്റിദ്ധാരണ അതിന്റെ പ്രചാരകരിലുണ്ടാക്കിയ ഫലമാണ് അത്ഭുതപ്പെടുത്തുന്നത്. തങ്ങളുടെ മദ്ഹബിന് എതിരായ സുന്നത്ത് പിന്തുടരുന്നതിൽനിന്നും അവർ തടയപ്പെട്ടു. കാരണം അതിനെ പിന്തു ടരുക എന്നതിനർത്ഥം അവരെ സംബന്ധിച്ചിടത്തോളം, ആ ഇമാമിനെ ഇകഴ്

---

[1] *ബുഖാരി; മുസ്‌ലിം.*

[2] *ഇതിന് മുമ്പൊരിക്കൽ കൊടുത്തിട്ടുള്ള ഇമാം മുസ്നിയുടെയും ഹാഫിള് ഇബ്നു റജബൽ ഹമ്പലിയുടെയും വാക്കുകൾ നോക്കുക.*

[3] *ബുഖാരി; മുസ്‌ലിം; അതിനുള്ള കാരണവും തഖ്‌രീജും സിൽസിലത്തുൽ അഹാദീഥുസ്സ്വഹീഹ (121)യിൽ കൊടുത്തിട്ടുണ്ട്.*

ത്തലാണ്. എന്നാൽ സുന്നത്തിനെതിരാണെങ്കിലും, അദ്ദേഹത്തെ പിന്തുടർന്നാൽ അതിന്നർ ത്ഥം അദ്ദേഹത്തെ ആദരിക്കലും ബഹുമാനിക്കലുമാണ്! അതിനാൽ, അവർ സങ്കൽപിക്കുന്ന ഈ അനാദരിക്കലിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയാണ് ഇമാമിന്റെ വാക്കുകൾ തഖ്ലീദ് ചെയ്യുന്നതിന് അവർ നിർബന്ധബുദ്ധി കാണിക്കുന്നത്.

ഈ തെറ്റിദ്ധാരണ കാരണം, അവർ ഓടി രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതിനേക്കാൾ എത്രയോ മോശമായ സ്ഥലത്താണ് അവർ വന്നുപെട്ടിരിക്കുന്നത് എന്ന കാര്യം അവർ മറന്നുപോയി–മറ ന്നതായി അഭിനയിക്കുന്നതാണ് എന്ന് ഞാൻ പറയുന്നില്ല. അവരോട് ഇപ്രകാരം പറയുക: ‘‘ഒ രാളെ പിൻപറ്റുകയെന്നാൽ അദ്ദേഹത്തെ ആദരിക്കലും, ഒരാളെ എതിർക്കുകയെന്നാൽ അദ്ദേ ഹത്തെ അനാദരിക്കലുമാണെന്നുണ്ടെങ്കിൽ, നിങ്ങളെങ്ങനെ പ്രവാചക(ﷺ)ന്റെ മാതൃകയെ എ തിർ ക്കുന്നത് സ്വയം അനുവദിക്കും? സുന്നത്തിനെതിരായിട്ടുള്ള മദ്ഹബീ ഇമാമിന്റെ മാർഗം പിൻപറ്റുന്നതിന് വേണ്ടി സുന്നത്ത് പിൻപറ്റുന്നത് ഒഴിവാക്കുന്നു. ഇമാമുകളാകട്ടെ, പാപരഹി തര(മഅ്സൂം)ല്ല. അവരെ ആക്ഷേപിക്കുന്നത് കുഫ്റാകുകയുമില്ല. ഇമാമിനെ എതിർക്കുകയെ ന്നാൽ അദ്ദേഹത്തെ ആക്ഷേപിക്കലാണെന്ന് നിങ്ങൾ വ്യാഖ്യാനിക്കുകയാണെങ്കിൽ, റസൂലി (ﷺ)നെ എതിർക്കുന്നത് അവിടുത്തെ ആക്ഷേപിക്കലാണെന്ന കാര്യം വളരെ വ്യക്തമാണ്. എ ന്നുമാത്രമല്ല, അത് പരസ്യമായ കുഫ്റും കൂടിയാണ്. അതിൽനിന്നും അല്ലാഹുവോട് രക്ഷതേ ടുന്നു’’–ഇപ്രകാരം അവരോട് പറഞ്ഞാൽ, അവർക്ക് അതിന് മറുപടി പറയാൻ സാധിക്കുകയി ല്ല, അല്ലാഹുവാണ്!–ഒരു വാചകമൊഴികെ–അവരിൽ ചിലരിൽനിന്നും നാം ധാരാളം കേട്ടിട്ടു ള്ളതും അത്തന്നെയാണ്. ഇതാണ് അവർ പറയുക, ‘‘മദ്ഹബിന്റെ ഇമാമിലുള്ള വിശ്വാസത്താ ലാണ് നാം സുന്നത്ത് ഒഴിവാക്കുന്നത്. സുന്ന ത്തിനെകുറിച്ച് നമ്മേക്കാൾ നന്നായി അറിയുന്ന ത് അവരാണല്ലോ’’.

ഈ വാദത്തിനുള്ള നമ്മുടെ മറുപടി വിവിധ കോണുകളിലൂടെയാണ്. അവയെല്ലാം ഈ ആമു ഖത്തിൽ തന്നെ നാം ദീർഘമായി ചർച്ച ചെയ്തതാണ്. അതിനാൽ, അതിൽനിന്നും പ്രസക്ത മായ ഒരു മറുപടി മാത്രം അല്ലാഹുവിന്റെ അനുമതിയോടുകൂടി ചുരുക്കി കൊടുക്കുന്നു. ഞാൻ പറയുന്നു: ‘‘സുന്നത്തിനെകുറിച്ച് നിങ്ങളേക്കാൾ നന്നായി അറിയുന്നത് നിങ്ങളുടെ മദ് ഹബിന്റെ ഇമാം മാത്രമല്ല. സുന്നത്തിനെകുറിച്ച് നിങ്ങളേക്കാൾ നന്നായി അറിയുന്ന ദശ ക്ക ണക്കിന്–അല്ല, ശതക്കണക്കിന് ഇമാമുകളുണ്ട്. അതിനാൽ, പ്രബലമായ ഒരു സുന്നത്ത് നിങ്ങ ളുടെ മദ്ഹബിനെതിരാവുകയും അത് ആ ഇമാമുകളിൽനിന്നുള്ള ഏതെങ്കിലും ഒരു ഇമാം സ്വീകരിക്കുക യും ചെയ്തെങ്കിൽ– ഈ സാഹചര്യത്തിൽ– അത് സ്വീകരിക്കൽ നിങ്ങളുടെ ക ടമയാണ്. അപ്പോൾ, മുമ്പ് പറഞ്ഞ നിങ്ങളുടെ വാദത്തിന് ഇവിടെ പ്രസക്തിയില്ല. കാരണം, നിങ്ങളുടെ എതിർചേരിയിലുള്ളവൻ നിങ്ങളോട് ഇങ്ങനെ പ്രതികരിക്കും:‘‘ഇത് സ്വീകരിച്ച നമ്മുടെ ഇമാമിലുള്ള വിശ്വാസത്താലാണ് നമ്മളും അത് സ്വീകരിച്ചത്.’’ ഈ ഇമാമിനെ പിൻപ റ്റുന്നതാണ് ആദ്യം പറഞ്ഞ സുന്നത്തിനെതിരായ ഇമാമിനെ പിൻപറ്റുന്നതിനേക്കാൾ ഉത്തമമാ യിട്ടുള്ളത്. ഇത് വളരെ വ്യക്തമാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ, ആർക്കും ഒരു അ വ്യക്തതയുമില്ല.

അതിനാൽ, എനിക്ക് ഇത് പറയാൻ സാധിക്കും: നമ്മുടെ ഈ പുസ്തകം, പ്രവാചകനി(ﷺ)ൽ നിന്നും അവിടുത്തെ നമസ്കാരം വിവരിച്ച് കൊണ്ട് റിപ്പോർട്ട് ചെയ്യപ്പെട്ട പ്രബലമായ സുന്ന ത്താണ് ശേഖരിച്ചിട്ടുള്ളത്. അതിനാൽ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുവാൻ ആർക്കും യാതൊരു ഒഴികഴിവുമില്ല. കാരണം, പണ്ഡിതന്മാർ ഐ ക്യകണ്ഠ്യേന നിരസിച്ച ഒന്നും ഇതി ലില്ല– അവരങ്ങനെ ചെയ്യുകയുമില്ല. എന്നാൽ, എല്ലാ സാഹചര്യത്തിലും അവരിൽ പലരും പ്രബലമായ സുന്നത്ത് സ്വീകരിച്ചിട്ടുണ്ട്; ആരെങ്കിലും അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അവന്ന് ഒ ഴികഴിവുണ്ട്. ഒരു പ്രതിഫലവുമുണ്ട്; കാരണം, അവർക്ക് അത് തീരെ വന്നുകിട്ടിയിട്ടില്ല. അല്ലെ ങ്കിൽ വന്ന് കിട്ടിയിട്ടും വ്യക്തമായ തെളിവ് കിട്ടിയില്ല, അതുമല്ലെങ്കിൽ പണ്ഡിതന്മാർക്ക് മാ ത്രം അറിയാവുന്ന മറ്റുവല്ല കാരണങ്ങളും ഉണ്ടായിരിക്കും. എന്നാ ൽ, അതിനുശേഷം വ്യക്ത മായ തെളിവ് സ്ഥിരപ്പെട്ടവന് അവന്റെ തഖ്ലീദിന് യാതൊരു ന്യായവുമില്ലാതാകും. പ്രത്യുത അന്യൂനമായ തെളിവ് പിൻപറ്റൽ അവന്ന് നിർബന്ധമാണ്. ഈ ആമുഖത്തിന്റെ ഉദ്ദേശവും ഇ തുതന്നെയാണ്.

അല്ലാഹു പറയുന്നു: ‘‘നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേ ക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവൻെറ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞു കൊള്ളുക.(സൂറ: അൻഫാൽ 8:24.)

അല്ലാഹു സത്യം പറയുന്നു; അവൻ നേർവഴി കാണിക്കുന്നു; അവനാണ് ഏറ്റവും നല്ല സംരക്ഷകനും, ഏറ്റവും നല്ല സഹായക നും. അല്ലാഹുവിന്റെ രക്ഷയും സമാധാനവും മുഹമ്മദിന്റെമേലും അവിടുത്തെ കുടുംബത്തിന്റെയും അനുചരന്മാരുടെയും മേലും ഉണ്ടാകട്ടെ. ലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു സ്തുതി.

**ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽ അൽബാനി (റഹി)**

**ഗ്രന്ഥം:** സ്വിഫത്തു സ്വലാത്തിന്നബ്ബിയ്യി മിനത്തക്ബീരി ഇലത്തസ്ലീമി ക അന്നക തറാഹാ
**വിവർത്തനം:** മുഹമ്മദ് സിയാദ്